**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **28-01-2026 - ൽ മറുപടിയ്ക്ക്**

**നെടുവാൻവിള വീവേഴ്സ് കോളനി നിവാസികൾക്ക് പട്ടയം നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല നിയോജകമണ്ഡലത്തിലെ വ്യവസായ വകുപ്പിന്റെ അധീനതയില്ലുള്ള ഭൂമിയില്ലുള്ള നെടുവാൻവിള വീവേഴ്സ് കോളനിയിൽ നിലവിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി/ എൻ.ഒ.സി ആവശ്യമുണ്ടോ; എങ്കിൽ ഇത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദമാക്കുമോ; | (എ) | പാറശാല നെടുവാൻവിള ഹൗസിംഗ് കോളനിയിൽ ഉള്ള 37.80 ആർ സ്ഥലം തിരുവനന്തപുരം ജില്ലയിലെ പാറശാല പ്രൊഗ്രസീവ് നെയ്ത്ത് ഉത്പാദക സഹകരണ സംഘത്തിന്റെ പേരില്ലുള്ളതാണ്. കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘത്തിന്റെ ഭൂമി കൈമാറുന്നതിനോ വിൽക്കുന്നതിനോ നിയമപ്രകാരം അനുവദനീയമല്ല. സംഘത്തിന്റെ പേരില്ലുള്ള ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിന് വ്യവസായവകുപ്പിന് എൻ.ഒ.സി നൽകുവാൻ സാധിക്കുന്നതല്ല.<br><br>പ്രസ്തുത സംഘം പ്രവർത്തനമല്ലാത്തതിനാൽ സമാപ്തീകരിക്കുന്നതിനായി ലിക്വിഡേറ്ററെ നിയമിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുള്ള അപേക്ഷകളിന്മേൽ/നിവേദനങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ? | (ബി) | നെടുവാൻവിള വീവേഴ്സ് കോളനിയിൽ നിലവിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് 05/11/2025-ൽ LICMO പോർട്ടൽ മുഖേന ലഭ്യമായ നിവേദനം (IN1251100008) പരിശോധിച്ച് 17/01/2026-ൽ നിവേദകന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ മാതൃഭാഷ"

# ജില്ലാ വ്യവസായകേന്ദ്രം, തിരുവനന്തപുരം


വാട്ടർ വർക്സ് കോമ്പൗണ്ട്, വെള്ളയമ്പലം, തിരുവനന്തപുരം 695033

ഫോൺ/ഫാക്സ് : 0471-2326756 ഇ-മെയിൽ : gm.tvm.dic@kerala.gov.in


DICTVM/2182/2025-F1 തീയതി: 17-01-2026

ജനറൽ മാനേജർ

ശ്രീ. സി . കെ ഹരീന്ദ്രൻ (പാറശ്ശാല) എംഎൽഎ ,

സിന്ദൂരം,

മരുത്തൂർ,

കുട്ടപ്പന,

നെയ്യാറ്റിൻകര പി. ഒ

പിൻ- 695121

സർ,

വിഷയം :- വ്യവസായം - .ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പരാതി പരിഹാര വെബ് പോർട്ടൽ (LICMO Portal ) മുഖേന സമർപ്പിച്ചിട്ടുള്ള അപേക്ഷ-സംബന്ധിച്ച്:-

സൂചന :- 05 /11/2025 തീയതിയിൽ പാറശ്ശാല എം.എൽ.എ സമർപ്പിച്ചിട്ടുള്ള അപേക്ഷ (ഡോക്കറ്റ് നമ്പർ IN 1251100008)

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പാറശ്ശാല കൈത്തറി സർക്കിളിന് കീഴിൽ വരുന്ന പാറശ്ശാല പ്രോഗ്രസ്സിവ് നെയ്ത്ത് ഉത്പാദക സഹകരണ സംഘം ലി.നം. H 20 ലിക്വിഡേഷൻ നടപടികൾ എത്രയും വേഗം പൂർത്തിയാക്കി പാറശ്ശാല വീവേഴ്സ് കോളനിയിൽ താമസിക്കുന്ന 19 ലധികം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള NOC ലഭ്യമാക്കി നൽകുന്നതിനുള്ള അടിയന്തിര നടപടി ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ ലിക്വിഡേറ്റർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

പാറശ്ശാല പ്രോഗ്രസീവ് HWCS സംഘവുമായി ബന്ധപ്പെട്ട് കോടതിയിൽ കേസ് നില നിന്നതായും, കോടതി പരാമർശം O.S.810/2000 അനുസരിച്ച് സംഘത്തിന്റെ പേരിലുള്ള സ്ഥലം ഒരിക്കലും കുടിയേറി താമസിക്കുന്നവർക്ക് പതിച്ചു നൽകുവാൻ പാടില്ല എന്നുള്ളതും, സ്ഥലത്തിനു വേണ്ടിയുള്ള നിവാസികളുടെ അവകാശവാദം കോടതി തള്ളിയതായി കോടതി പരാമർശത്തിൽ

തന്നെ കാണുന്നതായും ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്( കോടതി ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു) . കൂടാതെ പാറശ്ശാല പ്രോഗ്രസീവ് സംഘത്തിലെ അംഗങ്ങളും ബോർഡ് മെമ്പരുമായിരുന്നവർക്കും കൈയേറ്റക്കാർക്ക് ഭൂമി പതിച്ചു നൽകാനുള്ള ശ്രമത്തോട് എതിർപ്പ് പ്രകടിപ്പിക്കുന്നതായും കോടതിയുടെ പരാമർശവും ഇതിനു ഉപോദ്ബലകമായി പറയുന്നതായും, സംഘം പുനരുജ്ജീവിപ്പിക്കുന്നതിനു താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളതായും ആയതിനാൽ വളരെ പെട്ടെന്ന് ലിക്വിഡേഷൻ നടപടി പൂർത്തിയാക്കുവാൻ കഴിയുന്ന സാഹചര്യമല്ല നിലനിൽക്കുന്നതെന്നും ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട്.

കൂടാതെ കേരളാ ബാങ്ക് പാറശ്ശാല ശാഖയിൽ സംഘത്തിനു 20,60,482/-രൂപ ബാധ്യത ഉള്ളതായും, സംഘം മെംമ്പർമാർക്കും മുൻ പ്രസിഡന്റിനും നൽകിയ കത്തിന് മറുപടി ലഭിക്കാനുണ്ടെന്നും കയ്യേറ്റക്കാർക്ക് സ്ഥലം പതിച്ചു നൽകുന്നതിനോട് മെമ്പർമാർക്കു എതിർപ്പുണ്ടെന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതായും നെയ്യാറ്റിൻകര സഹകരണ ഓഡിറ്റ് ഓഫീസിൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുവാൻ ആവശ്യപ്പെട്ടിട്ടുള്ള കത്തിന്മേൽ മറുപടി ലഭ്യമായിട്ടില്ലായെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികളിലേക്ക് കടക്കാൻ കഴിയുന്നതാണെന്നും ലിക്വിഡേറ്റർ അറിയിച്ചിട്ടുണ്ട് .

മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേക്കും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

Signed by Dinesh. R
Date: 17-01-2026 19:00:39
ജനറൽ മാനേജർ

ഉള്ളടക്കം : കത്തിൽ പരാമർശിച്ചത്

Anilkumar
Section Officer